(സി) പ്രതിരോധ നടപടികളുടെ ഭാഗമായി പ്രദേശത്തെ എല്ലാ പന്നികളേയും പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കി. രോഗം ബാധിച്ച പന്നികൾക്ക് ചികിത്സ നൽകി. ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന ഏർപ്പെടുത്തി. പറമ്പിക്കുളത്തെ വനാതിർത്തിയിലുള്ള കർഷകരിൽ ഈ രോഗത്തെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിച്ചു. പത്രമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തി. 10-11-2014-ന് തിങ്കളാഴ്ച രാവിലെ 11 മണിക്ക് പാലക്കാട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ കോൺഫറൻസ് ഹാളിൽ വെച്ച് പന്നി വളർത്തുന്ന കർഷകർക്ക് ഈ രോഗത്തെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ ക്ലാസ് നടത്തി. ഇതിൽ ജില്ലയിലെ നൂറോളം കർഷകർ പങ്കെടുത്തു.

(ഡി) വളർത്തു പന്നികളിലും കാട്ടുപന്നികളിലും മാത്രം ഉണ്ടാകുന്ന ഈ അസുഖം ജനങ്ങൾക്ക് ഭീഷണിയല്ല.

പക്ഷിപ്പനി

234 (3521) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ പടർന്നു പിടിക്കുന്ന പക്ഷിപ്പനി ഇപ്രകാരം വ്യാപിക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) അതിർത്തി ചെക്ക് പോസ്റ്റുകളിൽ വേണ്ടത്ര പരിശോധനയില്ലാതെ കടന്നുവരുന്ന രോഗബാധിതരായ താറാവുകളും കോഴികളും ഇതിനുകാരണമായിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ വസ്തുതയുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ദേശാടന പക്ഷികളിലൂടെയാണോ ഈ രോഗം ഇപ്പോൾ പടർന്നു പിടിച്ചിട്ടുള്ളത്. എങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ ഇത് സംഭവിക്കുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ;

(ഡി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുമോ ; എങ്കിൽ ഇതിനായി ഒരു വിദഗ്ധ സംഘത്തെ ചുമതലപ്പെടുത്തുമോ ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശാടന പക്ഷികളിലൂടെയാണ് പക്ഷിപ്പനി കേരളത്തിൽ വ്യാപിക്കുവാനിടയായത് എന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(ബി) ഇല്ല. അതിർത്തി ചെക്ക് പോസ്റ്റുകളിൽ പരിമിതമായ പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളത്. ഇവിടെ പക്ഷിപ്പനി പോലുള്ള രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ലാബുകളോ സൗകര്യങ്ങളോ ഇല്ല. അയൽ സംസ്ഥാനങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ രോഗം അവിടെ നിന്നാണ് വന്നത് എന്ന് കരുതാനാവില്ല.

(സി) ദേശാടന പക്ഷികളിലൂടെയാണ് ഇപ്പോൾ ഈ രോഗം പടർന്നു പിടിച്ചത് എന്നാണ് അനുമാനിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ഇതുവരെ രോഗം റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ദേശാടനപക്ഷികളുമായി ബന്ധപ്പെട്ട രോഗവ്യാപനമായതിനാൽ കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിലുള്ള സംഘത്തിനുമാത്രമേ ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുന്നതിന് സാധിക്കുകയുള്ളൂ.

പക്ഷിപ്പനി-രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

235 (3522) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗപ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും ആരംഭിക്കുന്നതിനുണ്ടായ കാലതാമസം പക്ഷിപ്പനി പടരുന്നതിന് കാരണമായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പക്ഷിപ്പനിയ്ക്കെതിരെ എന്തെല്ലാം രോഗപ്രതിരോധ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) രോഗപ്രതിരോധ പ്രവർത്തിനാവശ്യമായ മരുന്നുകളും മറ്റു സാമഗ്രികളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനപ്രതിനിധികളുടെയും കർഷക പ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ വിളിച്ചു കൂട്ടാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly